**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 137** **16-09-2025 - ൽ മറുപടിയ്ക്ക്**

**തടവുപുള്ളി ജയിൽ ചാടിയതുമായി ബന്ധപ്പെട്ട നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ സെൻട്രൽ ജയിലിൽനിന്ന് ഗോവിന്ദ ചാമി എന്ന തടവുപുള്ളി ജയിൽ ചാടിയതുമായി ബന്ധപ്പെട്ട് അതിനുമുൻപുള്ള ദിവസങ്ങളിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ലോക്കപ്പ് ഓഫീസർമാരോടും നൈറ്റ് ചെക്ക് ഓഫീസർമാരോടും വിശദീകരണം ചോദിച്ചിട്ടുണ്ടോ; മേൽ വിഷയത്തിൽ സൂപ്രണ്ടിന്റെ വിശദീകരണം എന്താണ്; ഫോറൻസിക് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഫോറൻസിക് കണ്ടെത്തൽ എന്താണ്;വിശദമാക്കാമോ; | (എ) | ലോക്കപ്പ് ഓഫീസർമാരോടും നൈറ്റ് ചെക്ക് ഓഫീസർമാരോടും ഉത്തരമേഖല ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ വിശദീകരണം ചോദിച്ചിട്ടുണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നം.891/2025 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണത്തിന്റെ ഭാഗമായിട്ടുള്ള ഫോറൻസിക് പരിശോധനക്കായി NIT/NIST എന്നിവിടങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്. ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. ഈ ഘട്ടത്തിൽ കൂടുതൽ വിവരങ്ങൾ പങ്കുവയ്ക്കുന്നത് ഉചിതമല്ല. |
| (ബി) | അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 30-07-2025 ലെ സ. ഉ.(സാധാ ) നം 2576/ഹോം നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്ത എറണാംകുളം സബ് ജയിലിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ ഷിറാസ് ബഷീറിനെതിരെ മേൽ ഉത്തരവിലെ പരാമർശപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതെല്ലാം ഏജൻസികളാണ് കേസ് രജിസ്റ്റർ ചെയ്തത്; എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ സ്പെഷ്യൽ റിപ്പോർട്ടിൽ ശിപാർശ ചെയ്ത പ്രകാരം അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ